http://theendtimenews.com/



# അവസരം ഇനിയും ഉണ്ടെന്നോ?

തുടർച്ച 03 പേജിൽ



പാസ്റ്റർ ബി മോനച്ചൻ
കായംകുളം

CHRISTIAN NEWS MARCH 2021

ദി എൻഡ് ടൈം ന്യൂസ്
ദി വേക്ക് അപ്പ് -കോൾ

Volume 04 Issue No:39 Pages:14 Reg: TVM/1717/2014, Established:USA, Published from:India

വാർത്ത 05പേജിൽ

## സഭാ രാഷ്ട്രീയ ത്തിൽ നിന്നും യുവാക്കൾ മാറി നിൽക്കണം:



പാസ്റ്റർ ഷിബു തോമസ്
ഒക്കലഹോമ

കുട്ടികളുടെ ജീവനു വേണ്ടി സൈന്യത്തിന് മുന്നിൽ യാചിച്ച് കന്യാസ്ത്രീ.

## 'ആ കുഞ്ഞുങ്ങൾക്കു പകരം എന്നെ കൊന്നോളു...



*സോഷ്യൽ മീഡിയയിൽ ആയിരക്കണക്കിന് ആളുകൾ പങ്കുവെച്ച ചിത്രം.*

**മ്യാൻമാർ:** പട്ടാളഭരണം പിടിച്ചടക്കിയ മ്യാൻമറിൽ കുട്ടികളുടെ ജീവനു വേണ്ടി സൈന്യത്തിന് മുന്നിൽ യാചിച്ച് കന്യാസ്ത്രീ.നിങ്ങൾക്ക് വേണമെങ്കിൽ എന്റെ ജീവനെടുക്കാം അവരെ വെറുതെ വിടൂ അവരെ നമ്മുടെ കുടുംബാംഗങ്ങളെപ്പോലെ കാണൂ എന്ന് പട്ടാളക്കാർക്ക് മുന്നിൽ മുട്ടുകുത്തിയത് ആൻ റോസ്നു ത്വാങ് ആണ്. മൈകെയ്ന നഗരത്തിലായിരുന്നു സംഭവം. ജനാധിപത്യ പ്രക്ഷോഭകരെ അടിച്ചമർത്താൻ എത്തിയതായിരുന്നു പട്ടാളം. ആക്രമണമുണ്ടാകില്ല എന്ന് ഉറപ്പ് നൽകിയാൽ മാത്രമേ തിരിച്ചുപോകു എന്ന നിലപാടിൽ സിസ്റ്റർ ഉറച്ചു നിന്നു. സിസ്റ്ററുടെ ചിത്രങ്ങൾ ലോകവ്യാപക ശ്രദ്ധ പിടിച്ചുപറ്റി.സോഷ്യൽ മീഡിയയിൽ ആയിരക്കണക്കിന് ആളുകൾ ചിത്രം പങ്കുവെച്ചു.

## ബൈബിൾ കത്തിച്ച സ്ത്രീയുടെ വീടും സമീപത്തുള്ള മറ്റൊരു വീടും കത്തി നശിച്ചു



ടെക്സാസ്: അമേരിക്കയിലെ ടെക്സാസിലെ അന്റോണിയയിൽ ബൈബിൾ കത്തിച്ച സ്ത്രീയുടെ വീട് കത്തി നശിച്ചു. വീടിന് പുറകിലിരുന്നു യുവതി ബൈബിൾ കത്തിക്കുന്നതിനിടയിൽ തീ ആളിപ്പടർന്ന് സ്വന്തം വീടും മറ്റൊരു വീടും കത്തി നശിച്ചത്. മാർച്ച് 7 രാവിലെയായിരുന്നു സംഭവം. തീ പിടിച്ച വിവരം ലഭിച്ചതിനെ തുടർന്ന് സംഭവസ്ഥലത്ത് എത്തിച്ചേർന്ന അഗ്നിശമനസേനാഗംങ്ങൾ വളരെ പാടുപെട്ടാണ് തീ അണച്ചത്. തീ അണയ്ക്കുന്നതിനിടയിൽ 2 വീടിന്റേയും മേൽക്കൂര കത്തിയമർന്നിരുന്നു. എന്നാൽ ആർക്കും പൊള്ളലേറ്റില്ലെന്നുള്ളത് അത്ഭുതമാണെന്നു ക്യാപ്റ്റൻ ജോൺ ഫ്ളോറൻസ് പറഞ്ഞു. ഒരു ബൈബിൾ തീ ഇടുന്നതിനിടയിൽ എങ്ങനെയാണ് വീടുകളിലേക്ക് ആളിപ്പടരുന്നത് എന്നതിനെക്കുറിച്ച് വിശദീകരണം നൽകാനാവാതെ വിഷമിക്കയാണ് ഫയർഫോഴ്സ്. ഏതായാലും ബൈബിളിന് തീയിട്ട സ്ത്രീയെ പോലീസ് കസ്റ്റഡിയിലെടുത്തു.ഇവർക്കെതിരെ എന്തുകുറ്റമാണ് ചാർജ്ജ് ചെയ്യേതെന്ന് തീരുമാനിച്ചിട്ടില്ലെന്ന് പോലീസ് പറഞ്ഞു.

## 'ഗാഗുൽത്തായിലെ ദു:ഖ വെള്ളി' റിലീസിന് ഒരുങ്ങുന്നു

ഷിക്കാഗോ: ഷിക്കാഗോ യൂണിഫോം മ്യൂസിക് & ബാൻഡ് ഇന്റർനാഷണൽ ഒരുക്കുന്ന വീഡിയോ സോങ്ങ് 'ഗാഗുൽത്തായിലെ ദു:ഖ വെള്ളി' ഉടൻ റിലീസിന് ഒരുങ്ങുന്നു. 'ഗാഗുൽത്താ വീഥികളിൽ വീണു തളർന്നൊരു

05-ാം പേജ് തുടർച്ച

## അതിക്രമിച്ച് കയറി ക്രൂരമർദ്ദനം, നിരവധി പേർ ആശുപത്രിയിൽ

ബസ്കർ: മാർച്ച് 8 ന് ഛത്തീസ്ഗഡിൽ ആരാധന ശുശ്രൂഷയ്ക്കിടയിൽ കോടാലി, കല്ല്,തടി എന്നിവ ഉപയോഗിച്ച് ജനക്കൂട്ടം ക്രൂരമായി ആക്രമിച്ചു. പാസ്റ്റർ ഉൾപ്പെടെ 8 പേർ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു.തങ്ങളുടെ ആക്രമണത്തെ ന്യായീകരിക്കുന്നതിനായി ക്രിസ്ത്യാനി

05-ാം പേജ് തുടർച്ച

ദി എൻഡ് ടൈം ന്യൂസ്
ദി വേക്ക് അപ്പ് -കോൾ






# EDITORIAL BOARD

**CHIEF EDITOR**
Baiju Yacob Edavila

**SUB EDITOR**
Manuel Joseph
Jiji Babu

**EDITORS**
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

**MANAGER**
Bovas Sreekaryam

**CO-ORDINATORS**
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

**REPORTERS**
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

**ADVISORY BOARD**
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram


INDIA
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511

## മൗലിക വിശ്വാസത്തിന്മേലുള്ള
# കയ്യേറ്റം

**സ്റ്റേ**റ്റിന്റെ അധികാരങ്ങളയും വ്യക്തിയുടെ മതസ്വാതന്ത്ര്യത്തെയും നിയമം മൂലം മിതപ്പെടുത്തിയും ക്രൈസ്തവ മിഷണറിമാരുടെ പ്രവർത്തനങ്ങളെ ശിഥിലീകരിക്കുകയോ മരവിപ്പിക്കുകയോ എന്ന ഗവൺമെന്റിന്റെ അജണ്ടയുടെ ഭാഗമായാണ് ആദ്യമതപരിവർത്തന നിയമം ഇന്ത്യയെന്ന സ്വതന്ത്ര മതേതര രാഷ്ട്രത്തിൽ ഒഡീസിയ എന്ന സംസ്ഥാനത്തിൽ നിയമമായി പ്രാബല്യത്തിൽ വന്നു. തുടർന്ന് ഇതര സംസ്ഥാനങ്ങളായ ഗുജറാത്ത്, ഉത്തർപ്രദേശ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും നിയമം നിലവിൽ വന്നു. ഒരു നിയമം രൂപപ്പെടുത്തുന്നത് മനുഷ്യാവകാശങ്ങളെ ഘനിക്കാതതത്ത് ആകേണം എന്നത് ഭരണകൂടത്തിന് അറിവില്ലായ്ക അല്ല. മറിച്ച് കൂച്ചുവിലങ്ങിടലാണ്(അപ്പോസ്തലപ്രവർത്തി5:28,29) ഈ നാമത്തിൽ ഉപദേശിക്കരുതെന്ന് നിങ്ങളോട് അമർച്ചയായി കൽപ്പിച്ചുവല്ലോ. അതിന് പത്രോസും ശേഷം അപ്പോസ്തലന്മമാരും മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു.

നാം ഇന്ന് അനുഭവിക്കുന്ന സമത്വവും സ്വാതന്ത്ര്യവും പുരാതന ഹിന്ദുത്വ സംഹിതകളിൽ നിന്ന് ഉരുവായതല്ല. ഒരു മനുഷ്യനിൽ ബൈബിൾ ഉളവാക്കുന്ന രൂപാന്തരത്തിന്റെ അടിസ്ഥാനത്തിൽ നിന്നുമാണ് ഇപ്പോൾ ലൗജിഹാദ് എന്ന പേരിൽ മതപരിവർത്തനം ലക്ഷ്യമാക്കിയുള്ള നിയമങ്ങൾ സ്വാതന്ത്ര്യ ലബ്ദിക്ക് മുമ്പ് പതിനേഴ് സംസ്ഥാനങ്ങളിൽ മതപരിവർത്തന നിയമം നിലനിന്നിരുന്ന പൂർണ്ണ സ്വാതന്ത്ര്യം അനുഭവിക്കുന്ന മറ്റ് രാഷ്ട്രങ്ങൾ ഇന്ത്യയുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നാണ്.

സ്യൂഡനിലെ ഡംഇൻസ്റ്റിറ്റ്യൂട്ട് മാർച്ച് 2021 ലെ റിപ്പോർട്ട് പ്രകാരം ഇന്ത്യ തിരഞ്ഞെടുക്കപ്പെട്ട സ്വേച്ഛാദിപത്യ രാജ്യത്തിലും അമേരിക്കയുടെ ഫ്രീഡം ഓഫ് ദി വേൾഡ് 2020 ലെ റിപ്പോർട്ടിൽ ഇന്ത്യ ഇന്ന് ഭാഗികമായി മാത്രം സ്വാതന്ത്ര്യം അനുഭവിക്കുന്ന രാജ്യം എന്നുമാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്. ഇന്ത്യ എന്ന സെക്കുലർ സ്റ്റേറ്റിൽ നിന്നും മതത്തിന്റെ വേലി കെട്ടി തരംതിരിച്ച് നമ്മെ ഭരണകൂടം അടിമകളാക്കി കൊണ്ടിരിക്കുന്നു എന്ന തിരിച്ചറിവ് 80% ഇന്ത്യൻ ജനതയ്ക്കും ബോധ്യമായിട്ടില്ല എന്നതാണ് വസ്തുത.

*ബൈജു യാക്കോബ് ഇടവിള*



**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.



പാസ്റ്റർ കെ സി തോമസ്



## അത്തിയെ നോക്കി

# ഉപമ പഠിക്കുക

**യേ**ശു ക്രിസ്തു ക്രൂശിക്കപ്പെട്ടതിന്റെ തലേ ഞായറാഴ്ച കഴുതയുടെ പുറത്തു യാത്ര ചെയ്ത് താൻ യെരുശലേമിലേക്ക് പോയി. വൈകുന്നേരം ബെഥാന്യയിൽ വിശ്രമിക്കുകയും, തിങ്കളാഴ്ചയും ചൊവ്വാഴ്ചയും രാവിലെ വീണ്ടും യെരുശലേം പട്ടണത്തിലേക്ക് ശിഷ്യന്മാരുമായി യാത്ര ചെയ്തു. ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് യെരുശലേം ദൈവാലയത്തോട് വിട പറഞ്ഞു പോരുമ്പോൾ ശിഷ്യന്മാർ യെരുശലേം ദൈവാലയത്തിന്റെ പണി ചൂണ്ടിക്കാണിച്ച് അവനോട് സംസാരിച്ചു. അവൻ അവരോട് ഇതെല്ലാം കാണുന്നില്ലയോ? ഇടിഞ്ഞുപോകാതെ കല്ലിന്മേൽ കല്ല് ശേഷിക്കയില്ലെന്ന് സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നുവെന്നു പറഞ്ഞു. അത് എപ്പോൾ സംഭവിക്കുമെന്നു അറിയാനുള്ള ജിജ്ഞാസ കേട്ട സമയം മുതൽ ശിഷ്യന്മാരിലുണ്ടായി. അന്നു സന്ധ്യാസമയം യേശുവിനോട് കൂടെ ഒലിവുമലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ മൂന്നു ചോദ്യം അവനോട് ചോദിച്ചു. അത് എപ്പോൾ സംഭവിക്കും? നിന്റെ വരവിന്റെ അടയാളം എന്ത്? ലോകാവസാനത്തിന്റെ അടയാളം എന്ത്? എല്ലാ ചോദ്യങ്ങളുടെയും ഉത്തരമായവൻ മൂന്നു ചോദ്യങ്ങൾക്കും മറുപടി നൽകി. കർത്താവു മടങ്ങി വരുമ്പോഴെ രാജ്യം സ്ഥാപിക്കയുള്ളുയെന്ന് അവർ ഇതിനോടകം മനസിലാക്കി കഴിഞ്ഞു. അന്നു മാത്രമെ യേശുവിനോട് കൂടെ വലത്തും ഇടത്തും ഇരുന്നു ഭരിക്കാൻ കഴിയൂ എന്നവർക്ക് അറിയാമായിരുന്നു. ആയതിനാലാണ് അവരുടെ അഭിലാഷം സാക്ഷാത്കരിക്കപ്പെടുന്ന സുദിനത്തിന്റെ അഥവാ കർത്താവിന്റെ വരവിന്റെ അടയാളം എന്തു എന്നു അവർ ചോദിച്ചത്. തന്റെ വരവിന്റെ പല അടയാളങ്ങളും അവർക്കു അവൻ പറഞ്ഞു കൊടുത്തു. അതിൽ ഒരു അടയാളമാണ് അത്തിയെ നോക്കി പഠിക്കേണ്ട ഉപമ.

മുന്തിരിവള്ളിയും ഒലിവു വൃക്ഷവും അത്തിയുള്ള മനോഹരമായ ദേശമാണ് ദൈവം യിസ്രായേലിന് അവകാശമായി നൽകിയത്. ആ വൃക്ഷങ്ങൾ യിസ്രായേലിന്റെ വിവിധ അവസ്ഥകൾക്ക് സാദൃശ്യമായിരിപ്പാനും ദൈവം ആഗ്രഹിച്ചിരുന്നു.യിസ്രായേൽ ദേശത്തു ചെന്നു ജാതികൾ ചെയ്യുന്ന ദോഷത്തെക്കുറിച്ച് യോവേൽ പ്രവാചകനിലൂടെ അരുളിച്ചെയ്യുമ്പോൾ ദൈവം പറഞ്ഞു. അവൻ എന്റെ മുന്തിരിവള്ളിയെ ശൂന്യമാക്കി, എന്റെ അത്തി വൃക്ഷത്തെ ഒടിച്ചുകളഞ്ഞു. അവരെ നല്ല ഒലിവായും ജാതികളെ കാട്ടൊലിവായും ദൈവവചനത്തിൽ ചിത്രീകരിച്ചിട്ടുണ്ട്. അങ്ങനെ യിസ്രായേൽ ദൈവത്തിന്റെ മുന്തിരിവള്ളിയും ഒലിവുവൃക്ഷവും അത്തി വൃക്ഷവുമാണ്. മുന്തിരി വള്ളി യെഹൂദന്റെ ആത്മീക നിലവാരത്തെയും, ഒലിവുവൃക്ഷം അവരുടെ മാർഗീയ നിലവാരത്തെയും, അത്തി വൃക്ഷം അവരുടെ രാഷ്ട്രീയ നിലവാരത്തെയും ചൂണ്ടിക്കാണിക്കുന്നു. അത്തി പൂർവ്വകാലങ്ങളിൽ അവരുടെ കൊടിഅടയാളവും ആയിരുന്നിട്ടുണ്ട്.

വൃക്ഷമാകുന്ന അത്തിയെനോക്കി യിസ്രായേൽ ആകുന്ന അത്തിയെക്കുറിച്ച് ഒരു ഉപമ പഠിക്കുക എന്നാണ് വരവിന്റെ അടയാളമായി കർത്താവ് പറഞ്ഞത്. അത്തിയെക്കുറിച്ച് താൻ പറയുമ്പോൾ അവരുടെ ഓർമ്മയിൽ പെട്ടെന്ന് ഉണ്ടാകുന്ന ചില സംഗതികൾ ഉണ്ടെന്ന് കർത്താവിന് അറിയാമായിരുന്നു. യേശു തലേദിവസം ഒരു അത്തിയെ ശപിച്ചതും അന്നു രാവിലെ അത്തി ഉണങ്ങി നിൽക്കുന്നത് കണ്ടതും അവർക്ക് നല്ല ഓർമ്മയുണ്ട്. ചില ദിവസങ്ങൾക്ക് മുമ്പ് മുന്തിരി തോട്ടത്തിൽ നട്ട അത്തിയെക്കുറിച്ച് കർത്താവ് പറഞ്ഞ ഉപമ അവൻ മറന്നു പോയില്ല.

ദൈവത്തിന്റെ മുന്തിരി തോട്ടത്തിൽ ദൈവം നട്ട അത്തിയായിരുന്നു. യിസ്രായേൽ കൽദയരുടെ പട്ടണത്തിൽ നിന്നും അബ്രഹാമിനെയും കുടുംബത്തെയും കനാനിൽ ദൈവം കൊണ്ടുചെന്ന് നട്ടു. ആ ജാതി തഴച്ച് വളർന്നു. ഫലം കായ്പ്പാനാണ് അവരെ നട്ടത്. ആ ഉദ്ദേശ സാധ്യത്തിനായി വേണ്ട ശുശ്രൂഷകൾ എല്ലാം തുടരെ തന്റെ ശുശ്രൂഷകൻമാരിൽ കൂടെ നൽകി. പുരോഹിതന്മാരെയും ഇടയന്മാരെയും പ്രവാചകന്മാരെയും മൂപ്പന്മാരെയും അവർക്കു നൽകി. അവരുടെ ആത്മീയ ശുശ്രൂഷകളും മറ്റും അനുഭവിച്ച് ആ വൃക്ഷം വളരെ വളർന്നു അത് ഫലം കായ്ക്കത്തക്ക പ്രായവും വളർച്ചയും ആയപ്പോൾ ഏതൊരു ദൈവമാണോ അവരെ നട്ടത് ആ ദൈവം അവരിൽ മൂന്നു വർഷത്തോളം ഫലം തേടി. ഫലം കാണാതെ വന്നപ്പോൾ തോട്ടക്കാരനോട് പറഞ്ഞു. വെട്ടിക്കളയുക, അതു നിലത്തെ നിഷ്ഫലമാക്കുന്നത് എന്തിന്, എന്നാൽ ആ ദയയുള്ള തോട്ടക്കാരൻ ഈ വർഷം കൂടെ നിൽക്കട്ടെ ഞാൻ അതിന് ചുറ്റും കിളച്ച് വീണ്ടും വളം ഇടാം. മേലാൽ കായ്ച്ചില്ലെങ്കിലോ, ഇല്ലെങ്കിൽ വെട്ടിക്കളയാമെന്ന് ഉത്തരം പറഞ്ഞു. അങ്ങനെ ആ യജമാനൻ ആ ഒരു വർഷം കൂടെ നീട്ടിക്കൊടുത്തു ഒടുവിൽ ആ അത്തിയുടെ അടുത്തേയ്ക്ക് ഫലം തേടിയുള്ള പുറപ്പാടാണ് കഴുതയുടെ പുറത്ത് യേശു നടത്തിയത്. ആറുമാസം യോഹന്നാൻ സ്നാപകൻ അത്തിയിൽ ഫലം

തുടർച്ച 04പേജിൽ

THE END TIME NEWS
VOICE OF HARVESTING SOULS MISSION

# തുടർലേഖനം



03-ാം പേജ് തുടർച്ച

തേടി. അതിന്റെ ശേഷം മൂന്നരവർഷം യേശുക്രിസ്തുവും ഫലം തേടി അവരുടെ ഇടയിൽ ഉണ്ടായിരുന്നു. ഫലം തിരിയുമ്പോൾ തന്നെ ആ വൃക്ഷം വളരെ ഫലം കായ്ക്കത്തക്ക ശുശ്രൂഷകളും അവൻ ചെയ്തു കൊണ്ടിരുന്നു. അവരുടെ പള്ളികളിൽ ഉപദേശിക്കുകയും അവരുടെ ഊരുകളിൽ പ്രസംഗിക്കുകയും രോഗികളെ സൗഖ്യമാക്കുകയും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം വരുത്തുകയും അവർക്കു നന്മ ചെയ്യുകയും ചെയ്തു. ഒടുവിലായി ഒരു പ്രാവശ്യം കൂടെ ഫലം അന്വേഷിക്കാൻ കടന്നു ചെന്നു ഫലം ഒന്നു പോലും കണ്ടില്ല. ഈ നാളിലെങ്കിലും നീ



നിന്റെ സമാധാനത്തിനായുള്ളത് അറിഞ്ഞിരുന്നുവെങ്കിൽ കൊള്ളായിരുന്നു എന്നവർ വിളിച്ചു പറഞ്ഞു. എങ്കിലും ഫലം കാണായ്കയാൽ അവൻ ആ അത്തിയെ അന്ന് ശപിച്ചു. അതു ക്ഷണത്തിൽ ഉണങ്ങി.

അന്നു നടന്ന ആ സംഭവം ശിഷ്യന്മാർ ഗ്രഹിക്കത്തക്കവണ്ണം ഒരു സാദൃശ്യം കാണിക്കുവാൻ കർത്താവ് തീരുമാനിച്ചു. തിങ്കളാഴ്ച രാവിലെ പട്ടണത്തിലേക്ക് പോകുമ്പോൾ യേശുവിന് വിശന്നു. ദൂരത്തുനിന്നു അവൻ ഒരു അത്തിയെ കണ്ടു. യേശുവിന്റെ വിശപ്പും ദാഹവും ഭൗതികമായതിനെക്കാൾ ആത്മീകമായിരുന്നു. ഭൗതീക വസ്തുക്കളെക്കാൾ ആത്മീക വിഷയങ്ങളെ കൊണ്ട് അത് ശമിച്ചിട്ടുണ്ട്. ശമര്യാക്കാരിയുടെ പ്രാണനെ നേടിക്കഴിഞ്ഞപ്പോൾ നിങ്ങൾ അറിയാത്ത ആഹാരം ഞാൻ ഭക്ഷിച്ചു എന്നാണ് അവൻ പറഞ്ഞത്. വിശന്ന യേശു ദൂരത്തു നിന്ന് അതായത് ആകാശ മണ്ഡലത്തിനും നക്ഷത്ര മണ്ഡലത്തിനും അപ്പുറം സ്വർഗാധിസ്വർഗമാകുന്ന ആ ദൂരത്ത് നിന്ന് യെഹുദനാകുന്ന ഇലയുള്ള അത്തിയെ ദർശിച്ചു. അവന്റെ വിശപ്പ് ആ അത്തിയിൽ നിന്നുള്ള മധുരഫലമനുഭവിക്കാൻ വേണ്ടിയുള്ളതായിരുന്നു. അതിന് വേണ്ടിയാണ് അവൻ ഇത്രത്തോളം ശുശ്രൂഷകൾ അതിന് നൽകിയത്. ആ വൃക്ഷത്തിൽ വല്ലതും കണ്ടു കിട്ടുമെന്ന് ആശിച്ച സ്വർഗ്ഗമഹോന്നതങ്ങളിൽ നിന്നും ഇറങ്ങി അതിന്റെ ചുവട്ടിലേക്ക് ചെന്നു. ഇലയല്ലാതെ ഒന്നും കണ്ടില്ല. അതുഅത്തിപ്പഴത്തിന്റെ കാലമല്ലായിരുന്നു. അതു കർത്താവിനും അറിയാമായിരുന്നു എങ്കിലും കുറേ ഫലം അതിൽ കാണേണ്ടതാണ്. കാരണം ഡിസംബർ മാസത്തിൽ ഇലകൊഴിയുന്ന അത്തി മാർച്ച് മാസത്തിൽ വീണ്ടും തളിർക്കുമ്പോൾ പൂവും കായും ഉണ്ടാകാറുണ്ട് കാറ്റടിച്ച് കുറെയെല്ലാം പൊഴിയുമെങ്കിലും പൊഴിയാതെ നിൽക്കുന്ന കുറെ പഴങ്ങൾ തലക്കനിയായി ഈ സമയത്ത് എല്ലാ അത്തിയിലും കാണാറുണ്ട്. ഏപ്രിൽ മാസത്തിൽ ആ തലക്കനി പഴുക്കുന്ന സമയമാണ്. ഏപ്രിൽ മാസത്തിൽ കർത്താവ് തിരഞ്ഞത് ആ ഫലത്തെയാണ്. യിസ്രായേൽ ആകുന്ന അത്തിയുടെ ഫലശേഖരണ കാലം മഹോപദ്രവകാലത്തിന്റെ അന്ത്യത്തിൽ താൻ ഒലിവുമലയിലേക്ക് ഇറങ്ങി വരുന്ന സന്ദർഭത്തിലാണെന്ന് കർത്താവിന് നന്നായി അറിയാം. എന്നാൽ താൻ തിരഞ്ഞ ആ സമയത്തും സ്വോഭാവികമായി കുറെ ഫലമെങ്കിലും യിസ്രായേൽ ജാതിയിൽ കാണേണ്ടതായിരുന്നു എന്നാൽ ഒന്നും കണ്ടില്ല. ആയതിനാൽ അവൻ ശപിച്ചു. ഇനി നിങ്കൽ നിന്ന് എന്നേക്കും ഫലം ഉണ്ടാകാതെ പോകട്ടെ. ചൊവ്വാഴ്ച രാവിലെ ആ അത്തി ഉണങ്ങി നിൽക്കുന്ന കാഴ്ച അവർ കണ്ടു.

യേശു ശപിച്ച അന്നു തന്നെ യിസ്രായേൽ ആകുന്ന അത്തി വാടി. വൃക്ഷങ്ങളുടെ ഇല വാടിയാലും ചില ദിവസങ്ങൾക്കുശേഷമാണല്ലോ പൊഴിയുവാൻ തുടങ്ങുന്നത്. പൊഴിയുവാൻ തുടങ്ങിയാലും ചില ദിവസങ്ങൾ കൊണ്ട് മാത്രമാണല്ലോ ഇല മുഴുവൻ പൊഴിഞ്ഞു തീരുന്നത്. അതുപോലെ അവന്റെ ശാപമേറ്റ അന്നു തന്നെ വാടുവാൻ ആരംഭിച്ച യിസ്രായേൽ എ.ഡി എഴുപതിൽ അതിന്റെ ഇലകൊഴിയുവാൻ ആരംഭിച്ചു. എ.ഡി 135 ൽ പൂർണ്ണമായും കൊഴിഞ്ഞുണങ്ങിയ കൊമ്പുകളോട് കൂടിയ മരമായി ശേഷിച്ചു. കഴിഞ്ഞ 19 നൂറ്റാണ്ടുകളോളം അത് ഉണങ്ങിയ അത്തിയായി ഭൂപരപ്പിൽ നിന്നു. അത്തി വൃക്ഷത്തിന്റെ സ്വഭാവമനുസരിച്ച് ഇലകൊഴിഞ്ഞ അത്തിയുടെ ഇലതളിർക്കുന്ന ഒരു സമയമുണ്ട്. അത്തി തളിർക്കുമ്പോൾ അത് ഒരു യാഥാർത്ഥ്യം വിളിച്ചറിയിക്കുന്നു. ശീതകാലം തീരാറായി വേനൽക്കാലം ആരംഭിക്കാറായി 1948 ൽ യിസ്രായേലാകുന്ന അത്തി തളിർക്കുവാൻ ആരംഭിച്ചു. അന്ന് അവരുടെ രാഷ്ട്രം സ്ഥാപിച്ചു. ഇന്ന് അത് വളരെ അധികം തളിർത്ത് പൂത്ത് നിൽക്കുകയാണ്. അവർക്ക് ഇന്ന് രാജ്യമുണ്ട് ധനമുണ്ട് ഐശ്വര്യമുണ്ട്. ലോകത്തിലെ വൻകിട രാജ്യങ്ങളെക്കാൾ ഇന്ന് അവർ ഒട്ടും പുറകിലല്ല. ഈ തളിർപ്പ് എന്ത് വിളിച്ചറിയിക്കുന്നു. ഈ കൃപായുഗമാകുന്ന ശീതകാലം അവസാനിക്കാറായി മഹോപദ്രവകാലമാകുന്ന ന്യായവിധിയുടെ വേനൽക്കാലം വരാൻ പോകുന്നു.

വേനൽക്കാലം ആരംഭിക്കും മുമ്പ ഒരു കാര്യം നടക്കും കർത്താവ് സ്വർഗത്തിൽ നിന്നും മധ്യാകാശത്തിലേക്ക് ഇറങ്ങി വരും. ഇതൊക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽ ആയിരിക്കുന്നു. ഇതൊക്കെയും സംഭവിക്കുവോളം ഈ തലമുറ അത്തി തളിർക്കുന്നത് കണ്ട തലമുറ ഒഴിഞ്ഞുപോകയില്ലെന്ന് കർത്താവ് അരുളിചെയ്തുവെന്ന് വേദശാസ്ത്രികൾ അനേകർ അഭിപ്രായപ്പെടുന്നു. യെഹൂദൻ രാഷ്ട്രം രൂപീകരിച്ചപ്പോൾ ജീവിച്ചിരുന്ന തലമുറ ചത്തൊടുങ്ങുന്നതിന് മുമ്പ് മനുഷ്യപുത്രൻവരും.ഇന്ന് അത്തി തളിർത്തിട്ട് 65 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. അന്ന് ജീവിച്ചിരുന്ന പലരും ഒഴിഞ്ഞുപോയി ആ തലമുറ പൂർണ്ണമായും നീങ്ങിപ്പോകാൻ ഇനിയും അധികം നാളില്ല ഏവരും ഉണർന്നിരിക്കേണ്ടതാവശ്യം.



THE ENDTIME NEWS
Available on the iPhone App Store
ANDROID APP ON Google play

# സഭാ രാഷ്ട്രീയത്തിൽ നിന്നും യുവാക്കൾ മാറി നിൽക്കണം: പാസ്റ്റർ ഷിബു തോമസ് ഒക്കലഹോമ



**ഒക്കലഹോമ:** ദൈവസഭയുടെ തലതാഴ്ത്തുന്ന ജീർണിച്ച സഭാ രാഷ്ട്രീയം സഭകളേയും സംഘടനകളേയും തകർക്കുന്നുവെന്നും ദയവ് ചെയ്ത് പിതാക്കൻമാരുടെ സഭാ രാഷ്ട്രീയത്തിൽ നിന്നും യുവാക്കൾ മാറി നിൽക്കണമെന്നും പാസ്റ്റർ ഷിബു തോമസ് പറഞ്ഞു. ഐപിസി ഹെബ്രോൻ ഒക്കലഹോമയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ആത്മാവിൽ ആരാധിക്കുവാൻ വിളിക്കപ്പെട്ടവർ ആലയത്തിനകത്തു നിന്ന് രാഷ്ട്രീയം കളിച്ചിട്ട് സഭ തകരുമ്പോൾ ഹൃദയം വേദനകൊണ്ട് തകരുകയാണെന്നും പേരും പെരുമയുമുണ്ടായിരുന്ന സഭകളും നല്ല പ്രസ്ഥാനങ്ങളും സഭാ രാഷ്ട്രീയം തകർത്തിട്ടുണ്ടെന്നും കാലഘട്ടത്തിനനുസൃതമായ സന്ദേശത്തിലൂടെ മുന്നറിയിപ്പ് നൽകി.

പ്രസ്ഥാനമെന്ന നിലയിലും ലോക്കൽ സഭയെന്ന നിലയിലും ജനാധിപത്യ രീതിയിലുള്ള തിരഞ്ഞെടുപ്പ് ആവശ്യമാണെന്നും എന്നാൽ മത്സര ബുദ്ധിയും കൂട്ടുസഹോദരനെ ആക്ഷേപിക്കയും ചെയ്യുന്ന രീതി ദൈവവചനത്തിന് ഘടകവിരുദ്ധമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മോശയ്ക്കും അഹരോനും അവരുടെ ശുശ്രൂഷയ്ക്കും വിരോധമായി കൂട്ടുകെട്ട് ഉയർത്തിയ കോരഹിന്റെ പദ്ധതിയിൽ കൂട്ടുചേരാത്ത കോരഹ് പുത്രൻമാരെ പോലെയുള്ളവർ സഭയിൽ എഴുന്നേൽക്കട്ടെ എന്നും ഗൗരവമേറിയ സന്ദേശത്തിൽ അദ്ദേഹം ഓർമ്മിപ്പിച്ചു.

# യുവത്വത്തെ ബൈബിളിനോട് അടുപ്പിക്കുവാൻ ബ്രിട്ടീഷ് യുവാവ് ആരംഭിച്ച ഓൺലൈൻ ചലഞ്ച് ശ്രദ്ധേയമാകുന്നു.



ലണ്ടൻ: ബൈബിൾ വായിക്കുന്നതിന് യുവജനങ്ങൾക്ക് പ്രചോദനമാകുന്നതിന് ലണ്ടനിലെ സെന്റ് അൽബാൻസ് സൊദേശിയും യുവജന സംഘടന നേതാവുമായ പോൾ ലീ കണ്ടെത്തിയ വ്യത്യസ്തമായ മാർഗ്ഗം ശ്രദ്ധയാകർഷിക്കുന്നു. ബൈബിൾ ക്വസ്റ്റ് എന്ന പേരിൽ ഓൺലൈൻ ചലഞ്ചിന് രൂപം കൊടുത്തിരിക്കയാണ് പോൾ ലീ. ബൈബിൾ പാരായണം നടത്തുന്നവർക്ക് വായനയ്ക്ക് അനുസരിച്ച് യുകെയുടെ വിർച്വൽ ടൂർ ലഭ്യമാക്കുന്നുവെന്നതാണ് ചലഞ്ചിന്റെ പ്രത്യേകത. ചലഞ്ചിൽ പങ്കെടുക്കുന്നവർക്ക് തങ്ങൾക്ക് വായിക്കേണ്ട ബൈബിൾ ഭാഗം ഓൺലൈനായി വായിക്കുവാനും ബൈബിൾ ഭാഗങ്ങളുടെ തർജ്ജമയ്ക്കുള്ള സൗകര്യവും ബൈബിൾ ക്വസ്റ്റ് ഒരുക്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയെ തുടർന്നുള്ള ലോക്ക്ഡൗൺ കാലത്താണ് ഈ ആശയം പോൾ ലീയുടെ മനസിൽ ഉദിച്ചത്. ഇതുമൂലം ബൈബിൾ വായന മുമ്പത്തേക്കാളും ഒരുപാട് വർദ്ധിച്ചിട്ടുണ്ടെന്ന് പ്രീമിയർ ന്യൂസിന് നൽകിയ അഭിമുഖത്തിൽ ലീ പറഞ്ഞു. യുവജനങ്ങളെക്കൊണ്ട് ബൈബിൾ മുഴുവനായി വായിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഇംഗ്ലണ്ടിലെ ലാൻഡ് എൻഡ് ൽ നിന്നും തുടങ്ങി നിരവധി പ്രസിദ്ധ സ്ഥലങ്ങളിലൂടെ കടന്നു പോകുന്ന വിർച്വൽ സാഹസിക യാത്രയിലേയ്ക്കാണ് ബൈബിൾ വായിക്കുന്നത് അനുസരിച്ച് ഓരോരുത്തരേയും കൂട്ടിക്കൊണ്ടുപോകുന്നത്. ബൈബിളുമായി ഇടപെടുവാൻ ബുദ്ധിമുട്ടുള്ള യുവതീയുവാക്കൾക്ക് പ്രചോദനം നൽകുവാനും ലോക്ഡൗൺ കാരണം സ്ഥലങ്ങൾ സന്ദർശിക്കുവാൻ കഴിയാത്ത സാഹചര്യം വിർച്വൽ ടൂറിലൂടെ പരിഹരിക്കുവാനും ഈ ചലഞ്ച് ഒരുപരിധിവരെ സഹായിക്കുന്നുവെന്നതാണ് ലീയുടെ പ്രതീക്ഷ.യുകെയിലൂടെയുള്ള പര്യടനമാണിതെന്നും ബൈബിൾ വായിച്ചുകൊണ്ട് പര്യടനത്തിൽ മുന്നേറേണ്ടതെന്നും ബൈബിൾ ക്വസ്റ്റിന്റെ വെബ്സൈറ്റിൽ പറയുന്നു. ഒരു വർഷം കൊണ്ട് ചലഞ്ച് പൂർത്തിയാക്കുക എന്നതാണ് ലക്ഷ്യമെങ്കിലും പങ്കെടുക്കുന്നവർ ദിവസവും എത്ര നേരം ബൈബിൾ വായിക്കുവാൻ തയ്യാറാവുന്നു എന്നതിനെ ആശ്രയിച്ചിരിക്കും പൂർത്തിയാക്കാനെടുക്കുന്ന സമയം.

01 –ാം പേജ് തുടർച്ച

## 'ഗോൽഗുൽത്തായിലെ ദു:ഖ വെള്ളി' റിലീസിന് ഒരുങ്ങുന്നു

കർത്താവേ' എന്നു തുടങ്ങുന്ന ഗാനം യേശുവിന്റെ പീഢാനുഭവത്തിലേക്ക് ഒരു ഓർമപ്പെടുത്തലാണ്.

ബിനോയ് തോമസ് ഷിക്കാഗോ ആണ് ഇതിന്റെ വരികൾ എഴുതിയിരിക്കുന്നത്. സംഗീതം ചിട്ടപ്പെടുത്തി ഓർക്കസ്ട്രേഷൻ ചെയ്തിരിക്കുന്നത് പ്രമുഖ സംഗീത സംവിധായകൻ ഗോപീസുന്ദർ ടീം മെമ്പർ ക്രിസ്റ്റി ഫ്രാൻസിസ് തൃശ്ശൂർ ആണ്. ഗാനം ആലപിച്ചിരിക്കുന്നത് പ്രമുഖ ഗായിക രമ്യ ലിംസൺ എറണാകുളം. കോറസ് പാടിയിരിക്കുന്നത് സിജു, അലീന, സാന്ദ്ര എന്നിവരും. കനകമലയിലാണ് വീഡിയോ ഷൂട്ട് ചെയ്തിരിക്കുന്നത്.

01 –ാം പേജ് തുടർച്ച

## അതിക്രമിച്ച് കയറി ക്രൂരമർദ്ദനം, നിരവധി പേർ ആശുപത്രിയിൽ

കൾ നിയമവിരുദ്ധമായ മതപരിവർത്തനങ്ങളിൽ ഏർപ്പെടുന്നതായി അക്രമികൾ പറയുന്നു. ആരാധനയ്ക്ക് കടന്നു വന്നവരുടെ വാഹനങ്ങളും കത്തിച്ചു. ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ പാസ്റ്റർ സാംസൺ ഭഗൽ കഴിഞ്ഞ 11 വർഷമായി ബസ്കർ ജില്ലയിലെ 13 സഭകളെ നയിക്കുന്നു.



# ഉറങ്ങുന്നവനേ
# ഉണരുക..



ഉറക്കം ഇഷ്ടമല്ല എന്നു പറയുന്നവർ ആരെങ്കിലും ഉണ്ടാകുമോ? അദ്ധ്വാനത്തിനുശേഷം സുഖമായി ഒന്ന് ഉറങ്ങുവാൻ ആഗ്രഹിക്കാത്തവർ ആരുമില്ല. ഉറക്കം എന്ന് പറയുമ്പോൾ 'ശരീരവും മനസ്സും വിശ്രമാവസ്ഥയിലേക്ക് പോവുകയും വ്യക്തി അചേഷ്ടനാവുകയും തന്റെ പരിസരങ്ങളെ മറക്കുകയും ചെയ്യുന്ന അവസ്ഥയാണല്ലോ ഉറക്കം എന്ന് പറയുന്നത്.' ഈ ഒരു വിശ്രമം എല്ലാവരും ആഗ്രഹിക്കും. ആരോഗ്യപരമായ ജീവിതത്തിനും മതിയായ ഉറക്കം ആവശ്യമാണ്. എന്നാൽ ഇത് അമിതമായ ഉറക്കം ആയാലോ...? ആരോഗ്യം അനാരോഗ്യമായി മാറും. ശരീരഘടനയ്ക്കുതന്നെ മാറ്റം വരുത്തുകയും വലിയ പല പ്രശ്നങ്ങൾക്ക് കാരണമാകുകയും ചെയ്യും.

ഈ ഉറക്കം ആത്മീയ ജീവിതത്തിലാണെങ്കിൽ ആത്മീയ ജീവിതം ശാരീരികമെന്നതുപോലെ തന്നെ അനാരോഗ്യകരമായിത്തീരും എന്നതിന് ഇരുപക്ഷമില്ല. അതുകൊണ്ട് ആത്മീയ ജീവിതത്തിലെ ഉറക്കം ആത്മാവിനും ഭാവിജീവിതത്തിനും ഹാനീകരമാണ്. ഇത് ആത്മീയ മരണം സംഭവിക്കുന്നതിന് കാരണമാകും. വചനം പറയുന്നു " ഉറങ്ങുന്നവനെ ഉണർന്ന് മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേൽക്ക" (എഫെ. 5:14)

എഫെസ്യ സഭക്കു സംഭവിച്ചിരിക്കുന്ന ആത്മീയ ഉറക്കത്തിൽ നിന്നും പരിശുദ്ധാത്മാവ് വിളിച്ചുണർത്തുകയാണ്. 'ഉണരുക' പരിസരം മറന്നുള്ള ഉറക്കത്തിലാണ് ഈ സഭ ആയിരിക്കുന്നത്. അവർ ഉറങ്ങുന്നത് പട്ടുമെത്തയിലല്ല, മറിച്ച് ശവങ്ങളുടെ ഇടയിലാണ്. ആത്മീയ അബോധാവസ്ഥയിലായപ്പോൾ തങ്ങൾ ആയിരിക്കുന്നത് എവിടെയാണെന്നുപോലും അറിയാതെ ഉറങ്ങുകയാണ്. ക്രിസ്തുവിന്റെ പ്രകാശം വഹിക്കേണ്ടവർ ആയിരിക്കുന്ന അവസ്ഥകണ്ട് പരിശുദ്ധാത്മാവ് അപ്പോസ്തലനായ പൗലോസിലൂടെ ആഹ്വാനം നൽകുകയാണിവിടെ. യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുപ്പ് പ്രാപിച്ചവർ ആയിരിക്കുന്നതെവിടെ എന്ന് പരിശുദ്ധാത്മാവ് വീക്ഷിക്കുന്നുണ്ട്. എവിടെയാണ് ഉറങ്ങുന്നത് എന്ന സത്യാവസ്ഥ മനസ്സിലാക്കി ഉണരുകയാണ് അത്യുത്തമം. കാരണം ആത്മീയ അബോധാവസ്ഥയല്ല ക്രിസ്തുവിന്റെ ലക്ഷ്യം. പരിശുദ്ധാത്മാവ് വിളിച്ച് ഉണർത്തുന്നതിന് കാരണമുണ്ട്. അതിനാൽ തന്നെ തുടർന്നാൽ

1) മരണം സംഭവിക്കും.
2) നിത്യത എന്ന ദൈവീക ലക്ഷ്യം നിറവേറുകയില്ല.

അതുകൊണ്ട് ഉണരുന്നതിനായി തിരുവചനം അനേക ആഹ്വാനങ്ങൾ നൽകുന്നുണ്ട്.

1) അബോധാവസ്ഥയിൽ നിന്ന് ഉണരുക. (എഫെ. 5:14)
2) അലസതയിൽ നിന്ന് ഉണരുക. (മത്താ. 26:40)
3) യജമാനൻ വരുന്നതുകൊണ്ട് ഉണരുക. (ലൂക്കോ. 12:39)
4) ദുരുപദേശങ്ങൾക്കെതിരായി ഉണരുക. (അപ്പോ. 20:31)
5) ബലം ധരിപ്പാനായി ഉണരുക. (യെശ. 52:1)

ആത്മീയ മയക്കത്തിൽ നിന്നും ഉണരുന്നില്ലെങ്കിൽ ശത്രു പരാജയപ്പെടുത്തുവാനിടയാകും. ചൈനയിലെ വൻമതിലിനെപ്പറ്റി കേട്ടിട്ടുണ്ടാകുമല്ലോ. ഒരിക്കലും ആർക്കും തകർക്കുവാൻ കഴിയാതെ പണിതുയർത്തിയ ലോകത്തിലെ മഹാത്ഭുതങ്ങളിലൊന്നായ ഈ വൻമതിൽ പണികഴിച്ചപ്പോൾ അതിന്റെ ലക്ഷ്യം ഒരിക്കലും ഒരു ശത്രുവും അകത്തേക്കു നുഴഞ്ഞുകയറരുത് എന്നായിരുന്നു. ചിലനാളുകൾ കഴിഞ്ഞു പ്രൗഢ ഗംഭീരവും അതിമനോഹരവും അതിശക്തവുമായ വൻമിതിൽ കടന്ന് ശത്രു അകത്തേക്ക് കയറി. ഒരു ചെറിയ പഴുതായിരുന്നു അഥവാ ആ ലക്ഷ്യമായിരുന്നു ശത്രു അകത്തേക്ക് കയറുവാൻ ഇടയായി. ഇതുപോലെ തന്നെ ഒരു ദൈവപൈതലിന്റെ ചെറിയ മയക്കം എന്ന പഴുത് വലിയ വീഴ്ചക്കുകാരണമായി തീരുകയാണ്. അതുകൊണ്ട് പരിശുദ്ധാത്മാവ് നമ്മോട് ആലോചന പറയുകയാണ് ഉണരുക'

തുടർച്ച 09 പേജിൽ




പാസ്റ്റർ ബി മോനച്ചൻ
കായംകുളം



# അവസരം ഇനിയും ഉണ്ടെന്നോ?

യഹോവ വാതിൽ അടച്ചു. ഭൂമിയിൽ നാൽപ്പത് ദിവസം ജലപ്രളയം ഉണ്ടായി വെള്ളം വർധിച്ചു. പെട്ടകം പൊങ്ങി നിലത്ത് നിന്ന് ഉയർന്നു. വെള്ളംപൊങ്ങി ഭൂമിയിൽ ഏറ്റവും പെരുകി.(ഉൽപ്പത്തി7:16,17)ആഴിയുടെ ഉറവുകൾ ഒക്കെയും പിളർന്നു. ആകാശത്തിന്റെ കിളിവാതിലുകളും തുറന്നു. നാൽപ്പതു രാവും നാൽപ്പതു പകലും ഭൂമിയിൽ മഴ പെയ്തു(ഉൽപ്പത്തി7:12) പർവ്വതങ്ങൾ മൂടുവാൻ തക്കവണ്ണം വെള്ളം പതിനഞ്ച് മുഴം അവയ്ക്ക് മീതെ പൊങ്ങി. പറവകളും, കന്നുകാലികളും, കാട്ടുമൃഗങ്ങളും, നിലത്ത് ഇഴയുന്ന എല്ലാ ഇഴജാതികളുമായി ഭൂചരജാലമൊക്കെയും സകല മനുഷ്യരും ചത്തു പോയി(ഉൽപ്പത്തി7:21)

വരുവാനുള്ള ന്യായവിധിയിൽ നിന്നും രക്ഷനേടുന്നതിനായി പല നാളായി തുറന്നിട്ടിരുന്ന ഏകരക്ഷാപേടകത്തിന്റെ വാതിൽ അങ്ങനെ ദൈവം തന്നെ അടച്ചു. പെട്ടകവാതിൽ എപ്പോൾ വരെ തുറന്നിടേണം എന്നും എപ്പോൾ അത് അടയ്ക്കേണം എന്നും നോഹയല്ല,ദൈവമാണ് തീരുമാനിച്ചത്. അതെ, സ്നേഹിതാ നിന്റെ ഈ ലോകയാത്രയുടെ ദൈർഘ്യം തീരുമാനിക്കുന്നത് നീയല്ല, സ്വർഗത്തിലെ ദൈവമാണ്. നിന്റെയുംഎന്റെയും ജീവിതത്തിന്റെ തിരശ്ശീല എപ്പോൾ എങ്ങനെ വീഴുമെന്ന് നിനക്കും എനിക്കും അറിഞ്ഞുകൂടാ. എന്നാൽ ദൈവത്തിനറിയാം മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ അവന്റെ കൈവശമാണ്.. ആരു അടെയ്ക്കാതെവണ്ണം തുറക്കുവാനും ആരും തുറക്കാതെവണ്ണം അടയ്ക്കുവാനും അവനു കഴിയും(വെളിപ്പാട്3:7) അവന് മാത്രമെ കഴിയൂ.

ആകയാൽ ഇരുട്ടാകുന്നതിനും നിങ്ങളുടെ കാൽ അന്ധകാരപർവ്വതത്തിൽ ഇടറിപ്പോകുന്നതിനും മുൻപെ യഹോവയ്ക്ക് മഹത്വം കൊടുക്കുക. ഇല്ലെങ്കിൽ നിങ്ങൾ പ്രകാശത്തിനു കാത്തിരിക്കെ അവൻ അന്ധതമസ്സും, കൂരിരുട്ടും വരുത്തും. (യിരെ13:6) കൃപാകാലം തീരും മുൻപെ പെട്ടകത്തിൽ പ്രവേശിക്കുക. നാളെ,നാളെ, നീളെ, നീളെ നിനക്ക് അവസരം കിട്ടുമെന്ന് വിചാരിക്കരുത്. ഒന്നുകിൽ നീ വിചാരിക്കാത്തപ്പോൾ നിന്റെ ജീവിതത്തിന്റെ തിരശ്ശീല വീഴും അല്ലെങ്കിൽ നിത്യതയുടെ തിരശ്ശീല ഉയരും പിന്നീട് നിലവിളിച്ചാൽ രക്ഷയില്ല.

ദൈവം എന്തുകൊണ്ട് നോഹയുടെ കൈവശം പെട്ടകവാതിലിന്റെ താക്കോൽ ഏൽപ്പിച്ചില്ല. എന്നു ഞാൻ ചിന്തിക്കാറുണ്ട്. അതിന്റെ കാരണം പറയാം. ന്യായവിധിയുടെ വെള്ളംപൊങ്ങിക്കൊണ്ടിരുന്നപ്പോൾ പലരും ഓടിയെത്തി പെട്ടകവാതിലിൽ മുട്ടുവാൻതുടങ്ങിക്കാണും. പെട്ടകം പണിത ആശാരിയും നോഹയുടെ ബന്ധുക്കളും ഒക്കെ വെള്ളം കുടിച്ച് വയറ് വീർത്തപ്പോൾ നീന്തി എത്തി പെട്ടകവാതിൽക്കൽ വച്ച് നിലവിളിച്ചുകാണും.നോഹയുടെ പുത്രന്മാരായ ശേം, ഹാം, യാപെത്ത് എന്നിവരുടെ ഭാര്യമാരുടെ അപ്പന്മാരും അനുജത്തിമാരും ചേട്ടന്മാരും ഒക്കെ ചത്ത് പൊങ്ങിയവരുടെ കൂട്ടത്തിലുണ്ട്. നേരത്തെ നോഹ പ്രസംഗിച്ചപ്പോൾ അവരൊക്കെ കളിയാക്കിയവരാണ്. ഇത്ര പെട്ടെന്ന് ഇങ്ങനെ ജലപ്രളയം വരുമെന്നവർ കരുതിയില്ല.(അഥവാ വന്നാലും മക്കൾ പെട്ടകത്തിന് അകത്തുള്ളതുകൊണ്ട് രക്ഷപ്പെടാം എന്നവർ കരുതിക്കാണും) പെട്ടകത്തിന്റെ താക്കോൽ നോഹയുടെ കൈയ്യിൽ ഉണ്ടായിരുന്നുവെങ്കിൽ , നോഹയുടെ മരുമക്കൾ അവരുടെ അപ്പനും അമ്മയും മുങ്ങിച്ചാകുന്നത് കാണുമ്പോൾ നോഹയ്ക്ക് സ്വൈര്യതകൊടുക്കുമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? അപ്പച്ചാ ഒന്നു തുറക്കൂ എന്റെ അച്ചാച്ചനെയെങ്കിലും ഒന്നു കയറ്റൂ....എന്ന് പറഞ്ഞ് ആ പെൺപിള്ളാർ ബഹളം വച്ചേനെനോഹയുടെ സ്വൈര്യം കെടുത്തിയേനെ അങ്ങനെ തുറ

തുടർച്ച 10പേജിൽ



THE END TIME NEWS
VOICE OF HARVESTING SOULS MISSION



# "മോശ അവരുടെ കാര്യം യഹോവയുടെ മുമ്പാകെ വച്ചു"






പാസ്റ്റർ ഷിബു തോമസ്, ഒക്കലഹോമ.

"മോശ അവരുടെ കാര്യം യഹോവയുടെ മുമ്പാകെ വച്ചു" സംഖ്യ. 27:5)

**ദൈ**നംദിനം വലിയ ഒരു സമൂഹത്തിന്റെ ആവലാതികളും, ആവശ്യങ്ങളും 80 ലേറെ വയസ്സ് പ്രായമുള്ള മോശയ്ക്ക് താങ്ങാവുന്നതിലും അപ്പുറത്തായിരുന്നു. ശാരീരിക, മാനസിക, സാമൂഹിക പ്രശ്നങ്ങളുമായി ലക്ഷോപലക്ഷങ്ങളുടെ ഒരു സംഘം കണ്ണെത്താത്ത ദൂരത്ത് നീണ്ട നിരപോലെ മോശയുടെ കൂടാര വാതിൽക്കൽ തടിച്ചുകൂടുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ ശ്രമിച്ചിട്ടും തീർപ്പു കൽപ്പിക്കാൻ കഴിയാതെ കുന്നുകൂടുന്ന പരിഭവത്തിന്റെയും, പരാതികളുടെയും ഭാണ്ഡങ്ങൾ. മാനുഷിക ബുദ്ധിയിൽ കല്പിച്ച ഉത്തരവുകളും, വിലക്കുകളും താഴികകൾക്കുള്ളിൽ തകരപ്പെടുന്നു. മറുപടികൾ അപൂർണ്ണമാകയാൽ സംശയത്തിന്റെയും ചോദ്യങ്ങളുടെയും കൂർത്തുമൂർത്ത ശരങ്ങൾ എവിടെയും. മനസ്സും ശരീരവും തളർന്ന മോശ ഉന്നതനായ ദൈവത്തിന്റെ മുമ്പാകെ തന്റെ മുമ്പിൽ നിരന്ന വിഷയങ്ങൾ നിരത്തിവച്ചു. ഞാനാകുന്നവൻ ഞാനാകുന്നു എന്നു പറഞ്ഞ് മുൾപ്പടർപ്പിൽ പ്രത്യക്ഷനായി അത്ഭുതങ്ങളാലും അടയാളങ്ങളാലും വീര്യപ്രവൃത്തികളാൽ തന്റെ വചനം ഉറപ്പിച്ചു തന്ന സർവ്വശക്തനായവന്റെ പക്കൽ സകലത്തിനും പരിഹാരം ഉണ്ട് എന്ന് മോശ തിരിച്ചറിഞ്ഞു. ആലോചനയിൽ വലിയവനും പ്രവൃത്തിയിൽ ശക്തിമാനുമായ ദൈവസന്നിധിയിൽ ഒരു നന്മയും കുറവില്ല, ഒന്നിനും ഉത്തരം മുട്ടിപ്പോകയില്ല. ദൈവസന്നിധിയിൽ നിന്ന് പ്രശ്നപരിഹാരം ഏറ്റുവാങ്ങിയ മോശ എന്ന ഭക്തൻ നൂറുനൂറായിരം ജനത്തിന്റെ നടുവിൽ തല ഉയർത്തി നടന്നു. ഞാനും നിങ്ങളും വ്യത്യസ്തരല്ല - നൂറു നൊമ്പരങ്ങളും, ആർക്കും പരിഹരിക്കാനാവാത്ത അനവധി പ്രശ്നങ്ങളും മറ്റുള്ളവരുടെ ഭാരങ്ങളും നെഞ്ചിലും തലയിലും പേറി ജീവിതയാത്ര ഇഴഞ്ഞിഴഞ്ഞ് മുന്നോട്ട് കൊണ്ടുപോകുന്നു. വിധിയാണ് എന്ന് പറഞ്ഞ് സ്വയം ശപിച്ചും, പരിഹാരം ലഭിക്കത്തില്ല എന്ന ചിന്തയാൽ നിരാശപ്പെട്ടും തല കുമ്പിട്ടുമിരിക്കുന്നു. എനിക്കൊറ്റയ്ക്കു താങ്ങുവാൻ പ്രാപ്തിയില്ല എന്നു പറഞ്ഞ അധരം കൊണ്ടു തന്നെ ഉറക്കെ വിളിച്ചു പറയുക - കർത്താവ് എന്നെ സഹായിക്കും. ഞാൻ അമ്പരന്നു പോകയില്ല." ദൈവപൈതലേ ഭയപ്പെടേണ്ട യഹോവ നിന്നോടുകൂടെയുണ്ട്. ഭ്രമിച്ചുനോക്കണ്ട അവിടുന്ന് നിന്റെ ദൈവമാകുന്നു - നീ കാര്യങ്ങളുമായി ദൈവസന്നിധിയിൽ ചെല്ലുക, അവനായി കാത്തിരിക്കുക. യഹോവയ്ക്കായി കാത്തിരിക്കുന്ന ഒരുത്തനും ലജ്ജിച്ചുപോകയില്ല. "നിന്റെ ഭാരം എന്റെമേൽ വച്ചുകൊൾക - ഞാൻ നിന്നെ പുലർത്തും" എന്നരുളി ചെയ്തവന്റെ കരസ്പർശം ഓരോ ദിവസവും തിരിച്ചറിയുക.

പ്രാർത്ഥന:

സർവ്വശക്തനായ ദൈവമേ, എന്റെ കാര്യങ്ങളെ തിരുസന്നിധിയിൽ തരുന്നു, തൃക്കരം നീട്ടി എന്നെ താങ്ങേണമേ. ആമേൻ

## എത്യോപ്യയിൽ നിന്നും 300 ഓളം ജൂതൻമാർ 9താമത്തെയും അവസാനത്തേയും വിമാനത്തിൽ ഇസ്രായേലിൽ എത്തിച്ചേർന്നു; 1700 പേർ മുമ്പേ എത്തിയിരുന്നു.

ജറുസലേം: എത്യോപ്യയിൽ നിന്നും 300 ഓളം പുതിയ കുടിയേറ്റക്കാർ ബെൻ-ഗുരിയോൺ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഓപ്പറേഷൻ സൂർ ഇസ്രായേലിന്റെ ഭാഗമായി എത്തിച്ചേർന്നു. എത്യോപ്യൻ സമുദായത്തിൽ നിന്നുള്ള 2000 അംഗങ്ങളുടെ അലിയക്ക് ഇസ്രായേൽ സർക്കാർ അംഗീകാരം നൽകിയിരുന്നു. എത്തിയവരിൽ 893 കുട്ടികൾ 7 വയസ്സിന് താഴെയുള്ളവർ, 18 നും 24 നും ഇടയ്ക്കുള്ളവർ 250 പേർ,70 വയസിൽ കൂടുതൽ പ്രായമുള്ളവർ 35 ഇവർ ഉടൻ തന്നെ ഇസ്രായേലിൽ പ്രവേശിക്കും..

അലിയ, ഇന്റഗ്രേഷൻ മന്ത്രാലയവും ഇസ്രായേലിന്റെ ജൂത ഏജൻസിയും രാജ്യമെമ്പാടുമുള്ള സ്വാംശീകരണമുള്ള കേന്ദ്രങ്ങളിൽ അവരെ സഹായിക്കും. ഇവർക്ക് എബ്രായഭാഷ പഠിക്കുന്നതു മുതൽ തൊഴിൽ ശക്തിയിലേക്കും ഇസ്രായേൽ വിദ്യാഭ്യാസ സമ്പ്രദായത്തിലേക്കും പ്രവേശിക്കുന്നത് വരെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പിന്തുണയും മാർഗനിർദ്ദേശവും ലഭിക്കും.ഇതിനകം എത്തിച്ചേർന്ന 1700 എത്യോപ്യക്കാരോടൊപ്പം ഇവരും ചേരും.

THE ENDTIME NEWS
Available on the iPhone App Store
ANDROID APP ON Google play

തുടർച്ച 06 പേജ്ൽ

എഫെസ്യ സഭയുടെ ഉറക്കംപോലെ തന്നെ വെളിപ്പാടു പുസ്തകത്തിൽ സർദ്ദീസ് സഭയുടെ ഉറക്കത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട് (വെളി. 3:2). സർദ്ദീസ് പട്ടണത്തിനുചുറ്റും കോരശിന്റെ പട്ടാളം താവളമടിച്ചതറിഞ്ഞിട്ടും സർദ്ദീസുകാർ ഉണർന്നിരുന്ന് പട്ടണം കാക്കുവാൻ തയ്യാറാവാത്തത്, അഥവാ അലസരായി ഉറങ്ങിയത് ശത്രുക്കളെ അകത്തേക്കുവിളിച്ചുവരുത്തുന്നതിന് തുല്യമായിരുന്നു. അവിടെയും പരിശുദ്ധാത്മാവ് ഒരു ഉണർവ്വിനുവേണ്ടി ആഹ്വാനം ചെയ്യുന്നുണ്ട്. യേശുക്രിസ്തു തന്റെ ശിഷ്യന്മാരോടും ഉണരുവാൻ ആഹ്വാനം ചെയ്തു (മത്താ. 24:42,44, മർക്കോ. 13:35) ഇവിടെയൊക്കെ ഉദ്ദേശിക്കുന്നത് ഉണരുവാൻ കഴിഞ്ഞില്ലായെങ്കിൽ മഹത്വകരമായ ഭാവി നഷ്ടപ്പെടും എന്നതത്രേ. ശാരീരിക ഉറക്കം സർദ്ദിസിന്റെ നാശത്തിനുകാരണമായതുപോലെ ആത്മീയ ഉറക്കം നിത്യത നഷ്ടപ്പെടുത്തുന്നതിന് കാരണമായിത്തീരും എന്ന് അറിഞ്ഞ് 'ഉണരുക'

ആത്മീയ ഗോളത്തിന് സംഭവിച്ചിരിക്കുന്ന ആത്മീയ മരണം ശത്രുവിന്റെ വെല്ലുവിളിക്ക് കാരണമായിത്തീരുകയാണ്. അതുകൊണ്ട് ഒരു ക്രിസ്ത്യാനി മനസ്സിലാക്കിയിരിക്കേണ്ട രഹസ്യം, ശത്രു എപ്പോഴും ഉണർന്നിരിക്കുകയാണ്. നാം ഉറങ്ങാൻ പാടില്ല. വിശ്രമമില്ലാത്ത ശത്രുവിന്റെ പ്രയത്നത്തിങ്കൽ നാം ജാഗ്രതയുള്ളവരായിരിക്കണം. പുതിയ നിയമത്തിലും ഏറ്റവും പ്രാധാന്യം നൽകിയിരിക്കുന്നതും ഉണർന്നിരിക്കുക എന്നവിഷയത്തിലാണ്.

ക്രിസ്ത്യാനിയുടെ ആത്യന്തിക ലക്ഷ്യം ക്രിസ്തുവിന്റെ വരവാണ് എന്നറിഞ്ഞ് ഉണരേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി ജാഗരൂകരായിരിക്കേണ്ടതാണ്. മരണം സംഭവിക്കാതെ, ആത്മീയ മയക്കത്തിൽ നിന്നും അബോധാവസ്ഥയിൽ നിന്നും ഉണർന്ന് നിത്യത എന്ന ദൈവീക ഉപദേശം സാധൂകരിക്കുവാൻ ദൈവഹിതമറിഞ്ഞ്, വചനത്തിൽ ഉറ്റിരുന്ന് പ്രാർത്ഥനയോടെ ആയിരിക്കാം. ദൈവം സഹായിക്കുമാറാകട്ടെ.

# പാക്കിസ്ഥാനിൽ വീണ്ടും ക്രിസ്ത്യൻ കോളേജ് വിദ്യാർത്ഥിനിയെ തോക്കിൻ മുനയിൽ തട്ടിക്കൊണ്ടുപോയി

**ഗുജറൻവാല:** ക്രൈസ്തവർക്ക് നേരെയുള്ള അതിക്രമങ്ങൾ തുടർക്കഥയായ പാക്കിസ്ഥാനിൽ നിന്ന് മറ്റൊരു വാർത്തകൂടി. ലാഹോറിലെ ഗുജറൻവാലയിലുള്ള വുമൺസ് കോളേജിൽ പഠിച്ചിരുന്ന മെഹ്വിഷ് ബീബി എന്ന ക്രൈസ്തവ വിശ്വാസിയായ വിദ്യാർത്ഥിനിയെ മുഹമ്മദ് സാബീർ എന്ന ഇസ്ലാം മത വിശ്വാസി വിവാഹം ചെയ്യാനായി തട്ടിക്കൊണ്ടുപോയതായി പ്രാദേശിക വൃത്തങ്ങളെ ഉദ്ധരിച്ച് ഏജൻസിയായ ഫിഡെസ് റിപ്പോർട്ട് ചെയ്യുന്നത്. ഫെബ്രുവരി 10 ന് കോളേജിലേയ്ക്ക് പോയ മെഹ്വിഷ് ബീബി പിന്നീട് തിരികെ എത്തിയില്ല. മകളെ കാണാതായപ്പോൾ പലരോടും തിരക്കിയെന്നും ഇതേ തുടർന്ന◌ാണ് സംഭവത്തെക്കുറിച്ച് അറിഞ്ഞതെന്നും മെഹ് വിഷ് ബീബിയുടെ പിതാവായ പത്രാസ് മാസിഹ് പരാതിയിൽ പറയുന്നു.

മുഹമ്മദ് സാബീർ എന്ന വ്യക്തി രണ്ട് കൂട്ടാളികളോടൊപ്പം തോക്കു ചൂണ്ടി പെൺകുട്ടിയെ വെളുത്ത പിക്കപ്പ് വാനിൽ കയറ്റി കൊണ്ടുപോയെന്നാണ് ദൃക്സാക്ഷികൾ പറയുന്നത്. ന്യൂനപക്ഷവിഭാഗത്തിലുള്ള പെൺകുട്ടികളെ തട്ടിക്കൊണ്ടു പോകുന്നത് ഖേദകരമായ കാര്യമാണെന്ന് മനുഷ്യാവകാശ പ്രവർത്തകനായ ഖാലിദ് ഷഹസാദ് പറഞ്ഞു. പഞ്ചാബ് പ്രവിശ്യയിൽ ഓരോ ദിവസവും തങ്ങളുടെ പെൺകുട്ടികളെ ഓർത്ത് ക്രൈസ്തവ മാതാപിതാക്കൾ വേവലാതിപ്പെടുന്നുവെന്നും ആരും വിഷയത്തിൽ ഇടപെടാൻ തയ്യാറാകുന്നില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ക്രൈസ്തവ പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയി വിവാഹം ചെയ്ത് മതം മാറ്റുന്നത് അവസാനിപ്പിക്കാൻ സർക്കാറിനോട് ദീർഘനാളായി സഭാ നേതൃത്വം ആവശ്യപ്പെട്ടു വരികയാണ്. ഇത്തരത്തിലുള്ള കേസുകളിൽ പ്രതികളായവർക്ക് ശിക്ഷ നൽകാത്തത് വീണ്ടും അതിക്രമങ്ങൾ നടക്കാൻ സാഹചര്യം ഉണ്ടാക്കുന്നുവെന്നും പറയുന്നു. സമാധാനത്തിനും, നീതിക്കും വേണ്ടിയുള്ള പാക്കിസ്ഥാൻ മെത്രാൻ സമിതിയുടെ ദേശീയ കമ്മീഷന്റെ കണക്കുകൾ പ്രകാരം ഓരോ വർഷവും മതം മാറ്റത്തിന് വിധേയരാകുന്നത് ആയിരത്തോളം പെൺകുട്ടികളാണ്.

THE ENDTIME NEWS



THE END TIME NEWS
VOICE OF HARVESTING SOULS MISSION



07 –ാം പേജ് തുടർച്ച

ന്നാൽ ഈ പെട്ടകത്തിൽ വെള്ളം കയറും, പെട്ടകം മുങ്ങും, മുകളിലോട്ട് പൊങ്ങൽ നടക്കില്ല എന്നു സാരം.ദൈവീക ന്യായവിധി പെയ്തിറങ്ങിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിനഭിമുഖമായി ദൈവസഭ വാതിൽ തുറക്കരുത്.തുറന്നാൽ ലോകം നിന്നിലേക്ക് ഇരച്ചു കയറുകയും നിന്റെ ജീവിത നൗക മുങ്ങിപ്പോവുകയും ചെയ്യും.

ഇവിടെ പല കാര്യങ്ങൾ നാം ഗ്രഹിക്കേണ്ടതുണ്ട്. അതിപ്രധാന കാര്യം ഭക്തനായ മിസ്റ്റർ ലോത്തിന്റെ കെയർഓഫിൽ അഭക്തയായ മിസ്സിസ് ലോത്തിന് രക്ഷ കിട്ടുമെന്ന് കരുതരുത്. ഗുണപ്പെട്ട നോഹയുടെ മരുമക്കളുടെ കെയർഓഫിൽ അപ്പനമ്മമാർക്ക് രക്ഷയില്ല. ന്യായവിധിനാളിലും കർത്താവിൻരെ വരവിലും ഇങ്ങനെ ആർക്കെങ്കിലും പ്രത്യേക പരിഗണനകൾ ലഭിക്കുമെന്ന് ആരും കരുതരുത്. വ്യക്തിപരമായി കർത്താവുമായി ബന്ധം പുലർത്താത്ത ഏവരും തള്ളപ്പെടും തീർച്ച.

ലഭിച്ച അവസരങ്ങൾ വൃഥാവിലാക്കിയിട്ട് രക്ഷപ്പെടുവാൻ വീണ്ടും ഒരു സന്ദർഭം ലഭിക്കുമെന്ന് നിങ്ങൾ ചിന്തിക്കരുത്. ഈ ജേഷ്ഠാവകാശം എന്തിന്? എന്ന് പറഞ്ഞ് ഒരു കപ്പ് പായസത്തിന് വേണ്ടി ജേഷ്ഠാവകാശത്തെ അലക്ഷ്യമാക്കി കളഞ്ഞ ഏശാവ് പിന്നത്തേതിൽ അനുഗ്രഹം ലഭിക്കാൻ ആഗ്രഹിച്ച് കണ്ണുനീരോടുകൂടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു, മാനസാന്തരത്തിന് ഇടകണ്ടില്ല എന്നു നിങ്ങൾ അറിയുന്നുണ്ടല്ലോ. താൽക്കാലിക തൃപ്തി സുഖമെന്ന് കണ്ട് നിത്യജീവനെയും നിത്യസ്വർഗ്ഗത്തെയും ഒക്കെ തൃണവൽഗണിക്കുന്നവർ ഏശാവിനെപ്പോലെ ഒടുവിൽ ദു:ഖിക്കേണ്ടി വരും. സ്നേഹിതാ, താൽക്കാലികമായതിൽ ആശവച്ച് നീ നിന്റെ നിത്യത കളയരുത്. സ്ഥാനമാനങ്ങൾ, മണ്ണിൻമഹിമകൾ, ധനം,അധികാരം, ജഡീകഇച്ഛാനിവർത്തികൾ ഇവയ്ക്കുള്ള പരക്കം പാച്ചിലിൽ നീ നിന്റെ ദൈവത്തെ മറക്കരുത്. ന്യായവിധി വരുന്നുണ്ടെന്ന് മറക്കരുത്. നിത്യതയെയും ന്യായവിധിയെയും ഒന്നും നിസ്സാരമായി കാണരുത്. ഈ കാണുന്നത് എല്ലാം താൽക്കാലികം കാണാത്തതോ നിത്യം.

പലരും വിചാരിക്കുന്നത് ഇപ്പോൾ എങ്ങനെ ജീവിച്ചാലും പിന്നീട് ക്രമപ്പെടുവാൻ ഒരു ചാൻസ് കിട്ടും എന്നാണ്. ഇല്ല..സ്നേഹിതാ, ഇല്ല ഈ ലോകജീവിതശേഷം, അല്ലെങ്കിൽ കാഹളധ്വനിയ്ക്ക് ശേഷം കർതൃകൽപ്പന അനുസരിക്കുവാൻ നിനക്ക് ഒരു അവസരം കിട്ടുമെന്ന് നീ കരുതരുത്. ബുദ്ധികെട്ടകന്യകമാരുടെ ഉപമയിലൂടെയും ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെയും അത് അസാദ്ധ്യമെന്ന് കർത്താവ് വ്യക്തമായി പഠിപ്പിച്ചു. മണവാളൻ വന്നു ഒരുങ്ങിയിരുന്നവർ അവനോട് കൂടെ കല്യാണ സദ്യയ്ക്ക് ചെന്നു. ഒരുങ്ങാത്തവർ കർത്താവെ, വാതിൽ ഞങ്ങൾക്കും തുറക്കേണമെ എന്ന് പറഞ്ഞു. അതിന് അവൻ: ഞാൻ നിങ്ങളെ അറിയുന്നില്ല. എന്നുസത്യമായിട്ടും നിങ്ങളോട് പറയുന്നു എന്ന് പറഞ്ഞു. ആകയാൽ നാളും നാഴികയും അറിയാത്തതുകൊണ്ട് ഉണർന്നിരിപ്പിൻ(മത്തായി25:11-13)

മരണത്താൽ യഥാസ്ഥാനത്തെത്തിയ ധനവാൻ അവിടെനിന്നും രക്ഷപ്പെടുവാൻ ഒട്ടേറെ പരിശ്രമങ്ങൾ നടത്തുന്നതായികാണാം. അവൻ അബ്രഹാം പിതാവിനെ വിളിക്കുന്നു. ലാസറിനെ അവന്റെ അടുക്കലേക്ക് അയക്കുവാൻ ആവശ്യപ്പെടുന്നു അതും ഒക്കുന്നില്ലെങ്കിൽ അവനെ തന്റെ സഹോദരന്മാരുടെ അരികിലേക്ക് അയക്കുവാൻ ആവശ്യപ്പെടുന്നു. പക്ഷേ അവന്റെ സകല അഭ്യർത്ഥനകളും നിഷ്കരുണം തള്ളപ്പെടുന്നു. ഈ ലോകജീവിതത്തിൽ ദൈവം നൽകിയ അവസരങ്ങൾ പാഴാക്കി യാതനാസ്ഥലത്ത് എത്തിയ ഒരു വ്യക്തിയെ സഹായിപ്പാൻ അബ്രഹാം പിതാവിനെ കൊണ്ടും ഔസേപ്പ് പിതാവിനെക്കൊണ്ടും മറ്റൊരു പിതാവിനെക്കൊണ്ടും സാധിക്കില്ല എന്നതാണ് ഇതിന്റെ സാരം കാരണം മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ യേശുവിന്റെ കൈയ്യിൽ മാത്രമാണ്. ആകയാൽ ദൈവസഭ ഈ ഭൂമിയിൽ നിന്നും എടുത്തുകൊള്ളപ്പെടും മുമ്പ്, കൃപായുഗത്തിന് തിരശ്ശീല വീഴും മുൻപ് നിങ്ങളുടെ പ്രാണനെ തമ്പുരാൻ തിരികെ ചോദിക്കും മുമ്പ് ദൈവീക ന്യായവിധി ഈ ഭൂമിയിൽ വീഴും മുമ്പ് ദൈവ കൽപ്പന അനുസരിക്കുക. പാപവഴികളോട് യാത്രപറയുക, വിശുദ്ധ ജീവിതം നയിക്കുക.

## ദളിത് ക്രൈസ്തവരുടെ പ്രത്യേക സംവരാണാവശ്യം ; സമരം ആരംഭിച്ചു



തിരുവനന്തപുരം: ദളിത് ക്രൈസ്തവർക്ക് പ്രത്യേക സംവരണം അനുവദിക്കണമെന്നാവശ്യപ്പെട്ട് ച്രമ സാംബവ ഡവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറിയേറ്റിനു മുമ്പിൽ രാപ്പകൽ സമരം ആരംഭിച്ചു. സി എ സി എസ് സംസ്ഥാന പ്രസിഡന്റ് കെ കെ സുരേഷ് സമരം ഉദ്ഘാടനം ചെയ്തു. ദളിത് ക്രൈസ്തവർക്ക് സംവരണം ഏർപ്പെടുത്താത്ത മുന്നണികളെ തെരഞ്ഞെടുപ്പിൽ പാഠം പഠിപ്പിക്കുമെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

ബൈബിൾ ഫെയ്ത്ത് മിഷൻ ആംഗ്ലിക്കൽ ചർച്ച് ബിഷപ്പ് സെൽവദാസ് പ്രമോദ് മുഖ്യപ്രഭാഷണം നടത്തി. സി എ സി എസ് വൈസ് പ്രസിഡന്റ് ഷാജി ഡേവിഡ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി വി പി തങ്കപ്പൻ, വൈസ് പ്രസിഡന്റ് പ്രവീൺ ജയിംസ്, ട്രഷറർ ഷാജി മാത്യു, സാമൂഹ്യ പ്രവർത്തകരായ ധന്യ രാമൻ, പി എം രാജീവ്, സെക്രട്ടറിമാരായ സണ്ണി ഉരപ്പാങ്കൽ, ലീലാമ്മ ബെന്നി, സി എം ചാക്കോ, പ്രസന്ന ആറാണി, ടി എ കിഷോർ, കെ സി പ്രസാദ്, ആഷ്ലി ബാബു തുടങ്ങിയവർ പ്രസംഗിച്ചു.

## ചർച്ച് ഓഫ് ഗോഡ് മൈസൂർ ആരാധന പുതിയ സ്ഥലത്ത്

മൈസൂർ: കഴിഞ്ഞ 17 വർഷമായി മൈസൂർ ബന്നിമണ്ഡപ് ഇൻഡസ്ട്രിയൽ ഏരിയയിൽ പ്രവർത്തിച്ചു കൊിരുന്ന ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ മൈസൂർ സഭ, മൈസൂർ ഹെബ്ബാൾ ഏരിയയിലേയ്ക്ക് മാറി പ്രവർത്തനം ആരംഭിച്ചു. ഹെബ്രോൻ ചർച്ച് ഓഫ് ഗോഡ് എന്ന് അറിയപ്പെട്ടിരുന്ന സഭ ഇനി മുതൽ ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇന്ത്യ,മൈസൂർ എന്ന പേരിലായിരിക്കും അറിയപ്പെടുന്നത്. ദൈവസഭ കർണാടക സ്റ്റേറ്റ് ബൈബിൾ കോളേജ് ഡയറക്ടറും കൗൺസിൽ മെമ്പറുമായ പാസ്റ്റർ റോജി ഇ സാമുവേൽ ഈ സഭയിൽ ശുശ്രൂഷിക്കുന്നു. മൈസൂർ പട്ടണത്തിൽ മലയാളം ആരാധനയ്ക്കായി ആഗ്രഹിക്കുന്നവർ ഈ സഭയുമായി ബന്ധപ്പെടുക.

വിശദ വിവരങ്ങൾക്ക് : 9446084572, 9902198959, 9886164904



theendtimenews.com
Available on the iPhone App Store
ANDROID APP ON Google play

## വിദേശപൗരത്വമുള്ള ഇന്ത്യാക്കാർക്ക് മതപ്രവർത്തനത്തിനും മാധ്യമപ്രവർത്തനത്തിനും ഇനി അനുമതി വേണം




ന്യൂഡൽഹി: വിദേശ പൗരത്വമുള്ള ഇന്ത്യാക്കാർക്ക്(ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യാ കാർഡുടമകൾ) തബ്ലീഗ് സമ്മേളനങ്ങളിൽ പങ്കെടുക്കാനും രാജ്യത്ത് വന്ന് മിഷനറി പ്രവർത്തനങ്ങൾ, പത്ര പ്രവർത്തനവുമായി ബന്ധപ്പെട്ട ജോലികൾ എന്നിവ ചെയ്യാനും സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന് ആഭ്യന്തര മന്ത്രാലയം ഉത്തരവിട്ടു.

ഇന്ത്യയിലുള്ള വിദേശ നയതന്ത്ര ഓഫീസുകൾ, വിദേശ സർക്കാറുകളുടെ ഇന്ത്യയിലെ ഓഫീസുകൾ എന്നിവയിൽ ജോലി ചെയ്യുവാനും വിദേശത്തെ ഇന്ത്യൻ എംബസികളിൽ ഇന്റേൺഷിപ്പ് ചെയ്യാനും പ്രത്യേകാനുമതി വാങ്ങേ തു്.

ഒ സി ഐ കാർഡുള്ളവർക്ക് എത്ര പ്രാവിശ്യം ഇന്ത്യയിൽ വന്നുപോകുന്നതിനും തടസ്സമില്ല. അതിന് മുഴുവൻകാല വിസ നൽകും. എന്നാൽ മേൽപറഞ്ഞ പ്രവർത്തനങ്ങൾക്കും ഗവേഷണത്തിനും വരുന്നവർ ആഭ്യന്തര മന്ത്രാലയത്തിന് കീഴിലെ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നോ വിദേശത്തുള്ള ഇന്ത്യൻ എംബസികളിൽ നിന്നോ അനുമതി വാങ്ങണം. മറ്റാവശ്യങ്ങൾക്കാണെങ്കിൽ അനുമതി ആവശ്യമില്ല.

ഒ സി ഐ കാർഡുടമകൾ ഇന്ത്യയിൽ ഫോറിനേഴ്സ് രജിസ്ട്രേഷൻ ഓഫീസിലോ മേഖലാ ഓഫീസുകളിലോ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന ഒഴിവാക്കി. രജിസ്ട്രേഷനില്ലാതെ എത്ര കാലം വേണമെങ്കിലും താമസിക്കാം. എന്നാൽ ജോലിയും സ്ഥിരതാമസവും മാറുമ്പോൾ അക്കാര്യം അറിയിക്കണം.

## ചർച്ച് ഓഫ് ഗോഡ് മൈസൂർ ആരാധന പുതിയ സ്ഥലത്ത്

മൈസൂർ: കഴിഞ്ഞ 17 വർഷമായി മൈസൂർ ബന്നിമണ്ഡപ് ഇൻഡസ്ട്രിയൽ ഏരിയയിൽ പ്രവർത്തിച്ചു കൊിരുന്ന ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ മൈസൂർ സഭ, മൈസൂർ ഹെബ്ബാൾ ഏരിയയിലേയ്ക്ക് മാറി പ്രവർത്തനം ആരംഭിച്ചു. ഹെബ്രോൻ ചർച്ച് ഓഫ് ഗോഡ് എന്ന് അറിയപ്പെട്ടിരുന്ന സഭ ഇനി മുതൽ ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇന്ത്യ,മൈസൂർ എന്ന പേരിലായിരിക്കും അറിയപ്പെടുന്നത്. ദൈവസഭ കർണാടക സ്റ്റേറ്റ് ബൈബിൾ കോളേജ് ഡയറക്ടറും കൗൺസിൽ മെമ്പറുമായ പാസ്റ്റർ റോജി ഇ സാമുവേൽ ഈ സഭയിൽ ശുശ്രൂഷിക്കുന്നു. മൈസൂർ പട്ടണത്തിൽ മലയാളം ആരാധനയ്ക്കായി ആഗ്രഹിക്കുന്നവർ ഈ സഭയുമായി ബന്ധപ്പെടുക.

വിശദ വിവരങ്ങൾക്ക് : 9446084572, 9902198959, 9886164904

## ഹിൽവ്യൂ ചർച്ച് ഓഫ് ഗോഡ് റവ. ഡോ. തിമോത്തി ഉദ്ഘാടനം ചെയ്തു

**ഡാളസ്:** കേരളത്തിലെ പ്രഥമ പെന്തക്കോസ്ത് പ്രസ്ഥാനമായ ചർച്ച് ഓഫ് ഗോഡ് ഇൻ സൗത്ത് ഇന്ത്യയുടെ ബ്രാഞ്ച് ഡാളസ് കൗണ്ടിയിലെ ഗാർലാൻഡ് സിറ്റിയിൽ മാർച്ച് 6 ന് വൈകിട്ട് റവ.ഡോ.തിമോത്തി ഉദ്ഘാടനം ചെയ്തു.

ഹിൽവ്യൂ ചർച്ച് ഓഫ് ഗോഡിന്റെ പ്രഥമ ലീഡ് പാസ്റ്റർ ആയി നിയമിതനായ നെൽസൺ ജോഷ്വായുടെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ഉദ്ഘാടനയോഗത്തിൽ റവ.ഡോ.ജോൺ ബോഡേക്കർ പ്രധാന സന്ദേശം നൽകി. പാസ്റ്റർമാരായ സിറിലൊ എഫ്രായിൻ, എബ്രഹാം കുര്യാക്കോസ്,ജയിംസ് എബ്രഹാം എന്നിവർ ആശംസകൾ അറിയിച്ചു. ഡാളസിലെ ചർച്ച് ഓഫ് ഗോഡിന്റെ ഗായക സംഘം ഗാനങ്ങൾ ആലപിച്ചു. ചർച്ച് ഓഫ് ഗോഡ് ഇൻ സൗത്ത് ഇന്ത്യയുടെ പ്രസിഡന്റും, ഹിൽവ്യൂ ചർച്ച് ഓഫ് ഗോഡിന്റെ ഫൗണ്ടിംഗ് പാസ്റ്ററുമായ റവ.ജോൺസൺ തരകന്റെ പ്രാർത്ഥനയ്ക്കും ആശീർവാദത്തിനും ശേഷം യോഗം അവസാനിച്ചു.

എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 10.30 മുതൽ 12.30 വരെ ഉപവാസ പ്രാർത്ഥനയും ശനിയാഴ്ച രാത്രി 7 മണി മുതൽ 8.30 നരെ യുവജന മീറ്റിംഗും ഞായറാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ വിശുദ്ധാരാധനയും ഉണ്ടായിരിക്കും.

വിശദ വിവരങ്ങൾക്ക്: 4692609623, 4692742926

## ലോക്ഡൗണിൽ 18 പുസ്തകങ്ങൾ എഴുതി പൂർത്തീകരിച്ച് പാസ്റ്റർ കെ സി തോമസ്



തിരുവനന്തപുരം: ലോക്ഡൗൺ കാലത്ത് പതിനെട്ട് പുസ്തകങ്ങൾ എഴുതി പൂർത്തീകരിച്ച് പാസ്റ്റർ കെ സി തോമസ്. കഴിഞ്ഞ ഏപ്രിലിൽ തുടങ്ങിയ പുസ്തക രചനയിൽ ഇതുവരെ 18 വ്യത്യസ്ത വിഷയങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് 18 പുസ്തകങ്ങളാണ് അദ്ദേഹത്തിന്റെ തൂലികയിൽ കൂടി പുറത്തു വന്നത്.

ഒരു ദിവസം പകലും രാത്രിയുമായി ഏകദേശം 10 മുതൽ 12 മണിക്കൂർ വരെ വായനയ്ക്കും എഴുത്തിനുമായി നീക്കി വെച്ചിരിക്കുന്ന പാ. കെ സി തോമസ് ക്രിസ്തു യേശുവിന്റെ ശക്തി, സ്നേഹത്തിന്റെ ശക്തി, പ്രത്യാശയുടെ ശക്തി,സഹിഷ്ണതയുടെ ശക്തി, വചനത്തിന്റെ ശക്തി, കോവിഡ്കാല ചിന്തകളും സന്ദേശങ്ങളും, വിശ്വാസത്തിനു വേണ്ടി പോരാടുക, ദൈവീക ന്യായാസനങ്ങൾ, സുവാർത്താ സന്ദേശങ്ങൾ, കുടുംബ കൗൺസിലിംഗ്, ദൈവരാജ്യവും ദൈവസഭയും, പ്രസംഗ ശാസ്ത്രവും ആത്മാവിന്റെ ശുശ്രൂഷയും, യേശുക്രിസ്തുവിന്റെ മടങ്ങി വരവും അനന്തരസംഭവങ്ങളും, ഫിലിപ്യ ലേഖനത്തിൽ ക്രിസ്തുവും പൗലോസും,ദേവാലയവും ശുശ്രൂഷകരും, നീതിസൂര്യൻ ഉദിക്കും,മിഷൻ ചലഞ്ച്,പ്രതിദിന സങ്കീർത്തന ധ്യാനങ്ങൾ എന്നീ പുസ്തകങ്ങളാണ് പൂർത്തീകരിച്ചത്.

**Property for IMMEDIATE sale at Kozhuvalloor, Chengannur!**

House plot (30 cents) for sale in Kozhuvalloor, 10 minutes' drive (7 kilometers) from Chengannurtown. Original land with well water, that never runs dry even in summer. Frontage (30 ft.) Panchayath Road. No flood area. Suitable for residential and business needs. Very close to all amenities including schools, colleges, professional colleges, banks, temples, churches, government offices etc. Property of Pastor's family. Anyone interested, please contact Mr. A J John at +91 9745862898 or 04722898033.

Email – maanueljoseph@gmail.com

Available on the iPhone App Store
ANDROID APP ON Google play

# പാക്കിസ്ഥാനിൽ മതനിന്ദ ആരോപിച്ച് 8 വർഷം തടവിൽ കഴിഞ്ഞ ക്രൈസ്തവ വിശ്വാസിക്ക് വധശിക്ഷ




ലാഹോർ: പാക്കിസ്ഥാനിലെ കുപ്രസിദ്ധമായ മതനിന്ദാനിയമത്തിനെതിരെ ആഗോളതലത്തിൽ തന്നെ ഉയർന്നിരിക്കുന്ന തരത്തിൽ മൊബൈൽ സന്ദേശങ്ങൾ അയച്ചുവെന്ന ആരോപണത്തിന്റെ പേരിൽ ജീവപര്യന്തം ജയിൽശിക്ഷ അനുഭവിച്ചുകൊണ്ടിരുന്ന സെവൻത് ഡേ അഡ്വന്റിസ്റ്റ് സഭാംഗമായ സജാദ് മസി ഗിൽ എന്ന ക്രൈസ്തവ വിശ്വാസിക്കാണ് ലൈഹോർ ഹൈക്കോടതിയുടെ ഡിവിഷണൽ ബഞ്ച് ഇക്കഴിഞ്ഞ മാർച്ച് 10ന് വധശിക്ഷ വിധിച്ചത്. 2011 ഡിസംബറിൽ ആണ് പഞ്ചാബ് പ്രവിശ്യയിലെ ഗോജ്രയിൽ നിന്നുള്ള സജാദ് അറസ്റ്റിലാകുന്നത്.

2013 ജൂലൈ മാസത്തിൽ ഒരു വിചാരണ കോടതി ജീവപര്യന്തത്തിനു പുറമേ 3,14,500 റുപ്പീസ് പിഴയും വിധിച്ചതിനെ തുടർന്ന് ജയിൽ ശിക്ഷ അനുഭവിച്ചു വരികയായിരുന്നു സജാദ്. 2015 ൽ സാഹിവാളിലെ സെൻട്രൽ ജയിലിൽ സജാദിനെ സന്ദർശിച്ച് മടങ്ങുന്ന വഴി അദ്ദേഹത്തിന്റെ സഹോദരനേയും,അനന്തരവനേയും അജ്ഞാതരായ ചിലർ ആക്രമിച്ചിരുന്നു.തൊട്ടടുത്ത വർഷം ലീഗൽ ഇവാഞ്ചലിക്കൽ അസോസിയേഷൻ ആൻഡ് ഡെവലപ്പ്മെന്റ് 2 അഭിഭാഷകർ കാസൂറിൽ നിന്നും ലാഹോറിന് പോകുന്ന റോഡിൽ വെച്ച് ആയുധധാരികളാൽ ആക്രമിക്കപ്പെട്ടിരുന്നു. സജാദിന് വേണ്ടി അപ്പീൽ സമർപ്പിക്കുവാൻ പോയതായിരുന്നു ഇരുവരും. ജീവപര്യന്തം ഇസ്ലാമിന്റെ പ്രബോധനങ്ങൾക്ക് വിരുദ്ധമാണെന്നും വധശിക്ഷ മാത്രമാണ് മതനിന്ദയ്ക്കുള്ള ശിക്ഷയെന്നും പ്രോസിക്യൂഷൻ വാദം കോടതി അംഗീകരിച്ചുവെന്ന് വാദിഭാഗം വക്കീലൻമാരിൽ ഉൾപ്പെട്ട സീഷൻ അഹമ്മദ് അവാൻ പറഞ്ഞു.

പ്രവാചകൻ മുഹമ്മദിനെ നിന്ദിക്കുന്നവർക്ക് വധശിക്ഷ നൽകണമെന്നാണ് മതനിന്ദാനിയമത്തിൽ പറയുന്നത്. എന്നാൽ മതന്യൂനപക്ഷങ്ങളിൽ ഉൾപ്പെടുന്നവരോടുള്ള വ്യക്തിവൈരാഗ്യം തീർക്കുന്നതിന് മതനിന്ദാ നിയമം ദുരുപയോഗം ചെയ്യപ്പെടുന്നുണ്ടെന്നാണ് മനുഷ്യാവകാശ പ്രവർത്തകർ പറയുന്നത്. കഴിഞ്ഞമാസം മതനിന്ദയുടെ പേരിൽ ജയിലിൽ കഴിയുന്ന ഷഗുഫ്താ കൗസറിന്റേയും ഭർത്താവ് ഷക്ഫാത്ത് ഇമ്മാനുവലിന്റേയും അപ്പീൽ ലാഹോർ ഹൈക്കോടതി വിചാരണ കൂടാതെ മാറ്റി വെച്ചിരുന്നു. കഴിഞ്ഞ 7 വർഷങ്ങളായി ജയിലിൽ കഴിഞ്ഞു വരികയാണ് ഈ ദമ്പതികൾ. മതനിന്ദാ കേസുകൾ ഏറ്റവും കൂടുതൽ ഉണ്ടായിരിക്കുന്നത് കഴിഞ്ഞ വർഷമാണെന്നുംലാഹോർ ആസ്ഥാനമായുള്ള സെന്റർ ഫോർ സോഷ്യൽ ജസ്റ്റിസ് എന്ന മനുഷ്യാവകാശ സംഘടന പറയുന്നത്. പഞ്ചാബ് പ്രവിശ്യയും സിന്ധ് പ്രവിശ്യയുമാണ് ഇതിൽ മുന്നിൽ നിൽക്കുന്നത്.

# ഒഡീഷയിൽ വിശ്വാസം സ്വീകരിച്ച ദമ്പതികളെ നാടുകടത്താൻ ഒരുങ്ങുന്നു

ഭുവനേശ്വർ: ഒഡീഷയിലെ മാൽക്കാങ്കരി ജില്ലയിലെ കമ്പവാഡ ഗ്രാമത്തിലെ താമസക്കാരാണ് ജഗ പടിയാമിയും ഭാര്യയും. കഴിഞ്ഞ ഡിസംബറിൽ ഇവരുടെ വീട്ടിലെത്തിയ സുവിശേഷകരായ ദമ്പതികൾ സുവിശേഷം പങ്കുവെയ്ക്കുകയും തുടർന്ന് ഇരുവരും രക്ഷിക്കപ്പെട്ട് സ്നാനം സ്വീകരിക്കുകയുണ്ടായി. ജനുവരിയിൽ നടന്ന ഒരു ആത്മീയ യോഗത്തിൽ ഇവർ പങ്കെടുത്തത് കമ്പവാഡ ഗ്രാമമുഖ്യനും സംഘവും അറിഞ്ഞെത്തി. ഇരുവരോയും ക്രൈസ്തവ വിശ്വാസം ഉപേക്ഷിച്ച് തിരികെ വരുവാൻ ആവശ്യപ്പെട്ടു. എന്നാൽ ദമ്പതികൾ ഈ ആവശ്യം നിരാകരിച്ചു. ഇതിൽ കുപിതരായ ഗ്രാമവാസികൾ ഇരുവരേയും ആക്രമിക്കയും അഞ്ചു ദിവസത്തിനകം തീരുമാനത്തിൽ നിന്നും പിൻമാറണമെന്നും അല്ലെങ്കിൽ ഈ ഗ്രാമത്തിൽ താമസിക്കുവാൻ അനുവദിക്കില്ലെന്നും മുന്നറിയിപ്പ് നൽകി.

## ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് ഓവർസീയറായി പാസ്റ്റർ എം കുഞ്ഞപ്പി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു



ബെംഗ്ളൂരു: ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് ഓവർസീയറായി പാസ്റ്റർ എം കുഞ്ഞപ്പി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. റവ എബനേസർ സെൽവരാജിന്റെ അദ്ധ്യക്ഷതയിൽ നടന്ന തിരഞ്ഞെടുപ്പിൽ 81% വോട്ട് ഭൂരിപക്ഷത്തിലാണ് പാസ്റ്റർ എം കുഞ്ഞപ്പി തിരഞ്ഞെടുക്കപ്പെട്ടത്. പാസ്റ്റർ ഇ ജെ ജോൺസൺ, പാസ്റ്റർ റോജി ഇ ശാമുവേൽ, പാസ്റ്റർ മത്തായി വർഗീസ്, പാസ്റ്റർ വി കുര്യാക്കോസ് എന്നിവരെ കൗൺസിൽ അംഗങ്ങളായും തിരഞ്ഞെടുത്തു.




THE ENDTIME NEWS
Available on the iPhone App Store
ANDROID APP ON Google play

THE END TIME NEWS
VOICE OF HARVESTING SOULS MISSION




printed,published and owned by harvestingsoulsmission,chief editor Baiju Yacob

Share on

the END TIME NEWS
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no :
TVM/TC/1717/2014
Established :USA
Published from :
India, Kerala, TVM




We are Architectural Aluminum systems and Glazers Company run by Experienced and Qualified Engineers, Technicians and installers. We make high performing entrances, storefronts,windows, structural glazing, Curtain walls, etc.Committed in creating next-generation technologies; we strive to ensure safety and comfort of buildings. Every project comes with warranty and quick turnaround. We give infinite possibilities and innovative design solutions to your ideas or dreams. Explore our dynamic array of innovative solutions for renovation and new construction. Together we build your dreams with our experience and dedication.

**OUR OTHER ALUMINIUM PRODUCTS**

- Manual ICU sliding Doors.
- Manual Pivot or Hinged Doors.
- Automatic folding Doors.
- Five door systems.
- Manual Swing and slide Doors.
- Aluminium, FRP and Fiberglass Enty Doors.
- Store front systems.
- Shower doors.
- Patio sliding doors.
- Frameless glass enterace Doors.
- Window Wall.

405 778 4341
405 590 6116
usglasstech@gmail.com
www.usglasstech.com

Innovative Products
520 Beacon Pl,
Oklahoma City,OK 73127
(Off) 405 440-0010
(Fax) 405 440 0015